പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 897** 　　 **12.12.2012 ലെ മറുപടിയ്ക്ക്**

ഇടമലയാർ ഇറിഗേഷൻ പദ്ധതി

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | **ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെ ഭാഗിക കമ്മീഷനിംഗ് നടത്തുന്നതിനായി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെ ഭാഗിക കമ്മീഷനിംഗ് നടത്തുന്നതിനായി താഴെപ്പറയുന്ന പ്രവർത്തികൾ കൂടി പൂർത്തീകരിക്കാനുണ്ട്<br>1. മെയിൻ കനാൽ ചെ.7400 മീ.മുതൽ 7600 മീ.വരെ<br>2. മെയിൻ കനാൽ ചെ.7600 മീ.മുതൽ 8000 മീ.വരെ<br>3. മെയിൻ കനാൽ ചെ.10450 മീ.മുതൽ 12000 മീ.വരെ<br>4. മെയിൻ കനാൽ ചെ.24442 മീ.മുതൽ 25000 മീ.വരെ<br>5. മെയിൻ കനാൽ ചെ.25000 മീ.മുതൽ 25850 മീ.വരെ |
| (ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ; | (ബി) | കരാറുകാർ സമയബന്ധിതമായി പണി പുർത്തിയാക്കാത്തത് കാലതാമസത്തിന് കാരണമാവുന്നു. |
| (സി) മെയിൻ കനാലിന്റെ ഭാഗിക കമ്മീഷനിംഗ് നടത്തുന്നതിനായി പ്രവൃത്തികൾ പൂർത്തിയാക്കാൻ ആവശ്യമായ തുക എത്രയാണ് ; ഇടമലയാർ ഇറിഗേഷൻ കനാലിന്റെ ഏതെങ്കിലും പ്രവൃത്തിയുടെ കരാർ റദ്ദാക്കിയിട്ടുണ്ടോ ; | (സി) | തുക കൃത്യമായി കണക്കാക്കിയിട്ടില്ല. മിസ്സിംഗ് ലിങ്ക് പണികൾ പൂർത്തിയാക്കാൻ 4,44,20,994/- രൂപ ആവശ്യമുണ്ട് . കുടാതെ മെയിൻ കനാലിന്റെ മുൻ വർഷങ്ങളിൽ പണി തീർത്ത ഭാഗങ്ങളിലെ ചെടിപ്പടർപ്പുകളും ചെളിയും നീക്കം ചെയ്യാനുള്ള തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 2012-13വർഷത്തിൽ ഐഐ.പി യിലെ അഞ്ച് പ്രവർത്തികളുടെ കരാർ റദ്ദാക്കിയിട്ടുണ്ട്.അതിൽ മൂന്നെണ്ണത്തിന്റേത് പിന്നീട് പുനസ്ഥാപിച്ചിട്ടുണ്ട്. |
| ഡി എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിരുന്നതെന്നും റദ്ദാക്കാനുള്ള കാരണമെന്തെന്നും വിശദമാക്കുമോ; | (ഡി) | 1.മെയിൻ കനാൽ ചെ 7400-7600<br>2. മെയിൻ കനാൽ ചെ 7600- 8000<br>(ചന്ദ്രഗിരി കൺസ്ട്രഷൻസ്)<br><br>3. മെയിൻ കനാൽ ചെ 10450-12000<br>( സാമുവേൽ വർഗ്ഗീസ്)<br>4 മെയിൻ കനാൽ ചെ 24442-25000<br>( സത്യപാലൻ ആന്റ് കമ്പനി) |

5. മെയിൻ കനാൽ ചെ 25000-25850
( എ. ഇബ്രാഹിംകുട്ടി)

1ഉം 2ഉം പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നു.
(19043/MP2/12/WRD ;
3, 4, 5 പ്രവൃത്തികൾ പിന്നീട് പുനസ്ഥാപിച്ചു. പല പ്രാവശ്യം കാലാവധി നീട്ടികൊടുത്തിട്ടും ഉദ്ദേശിച്ച പുരോഗതി കരാറുകാർ കൈവരിക്കാത്തതിനാലാണ് കരാർ റദ്ദു ചെയ്തത്.

| | | | |
|---|---|---|---|
| ഇ | പ്രസ്തുത പ്രവൃത്തിയുടെ കരാർ റദ്ദാക്കിയതുവരെയുള്ള മെഷർമെന്റും അതുവരെ നടത്തിയ പേയ്മെന്റും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഇ) | "പ്രസ്തുത പ്രവൃത്തിയുടെ കരാർ റദ്ദാക്കിയതുവരെയുള്ള മെഷർമെന്റും അതുവരെ നടത്തിയ പേയ്മെന്റും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| എഫ് | മെയിൻ കനാലിന്റെ ഭാഗിക കമ്മിഷനിംഗ് എന്നത്തേക്ക് നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എഫ്) | ചെ.7400 മീ.മുതൽ 8000 മീ.വരെയും ചെ.10450 മീ.മുതൽ 12000 മീ. വരെയും ചെ. 24442 മീ. മുതൽ 25850 മീ.വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പുറമെ ഐ.ഐ.പി മെയിൻ കനാലിലെ ചെളിയും, മണ്ണും, ചെറു മരങ്ങളും നീക്കം ചെയ്ത് കഴിഞ്ഞാൽ 2013 ജനുവരിയിൽ തന്നെ മെയിൻ കനാലിലൂടെ വെള്ളം ഒഴുക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഐ.ഐ.പി മെയിൻ കനാൽ | | മെഷർമെന്റ് | പേയ്മെന്റ് |
|---|---|---|---|
| 1. ചെ. | 7400 മീറ്റർ മുതൽ 7600 വരെ | 71% | 1,91,72,850/ രൂപ |
| 2. ചെ. | 7600 മീറ്റർ മുതൽ 8000 വരെ | 47% | 1,82,00,456/ രൂപ |
| 3. ചെ. | 10450 മീറ്റർ മുതൽ 12000 വരെ | 69% | 2,44,61,803/ രൂപ |
| 4. ചെ. | 24442 മീറ്റർ മുതൽ 25000 വരെ | 85% | 3,00,98,582/ രൂപ |
| 5. ചെ. | 25000 മീറ്റർ മുതൽ 25850 വരെ | 85% | 4,93,59,151/ രൂപ |